**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4253** **09-08-2021 - ൽ മറുപടിയ്ക്ക്**

**അനിമൽ കീപ്പർ തൊഴിൽ പരിചയ സർട്ടിഫിക്കറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | എംപ്ലോയ്മെന്റ് ഡയറക്ടറുടെ 08.11.2019-ലെ ഉത്തരവിന് വിരുദ്ധമായി സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാത്ത അനിമൽ കീപ്പർ തൊഴിൽ പരിചയ സർട്ടിഫിക്കറ്റുകൾ സംസ്ഥാനത്തെ ഏതെല്ലാം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തു നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | 08/11/2019 തീയതിയിൽ അനിമൽ കീപ്പർ തൊഴിൽ പരിചയ സർട്ടിഫിക്കറ്റുകൾ ചേർത്ത് നൽകുന്നത് സംബന്ധിച്ച് എംപ്ലോയ്മെന്റ് ഡയറക്ടർ ഉത്തരവുകൾ ഒന്നും തന്നെ പുറപ്പെടുവിച്ചിട്ടില്ല. തൊഴിൽപരിചയം തെളിയിക്കുന്നതിനുള്ള തൊഴിൽ പരിചയ സർട്ടിഫിക്കറ്റിന്റെ മാതൃക G.O(MS)No.45/94/തൊഴിൽ dtd 29/7/1994 ഉത്തരവ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. ടി മാതൃകയിൽ തന്നെ തൊഴിൽ പരിചയ സർട്ടിഫിക്കറ്റ് നൽകണമെന്ന് എല്ലാ ഉദ്യോഗ ദായകർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ മ്യൂസിയം മൃഗശാല വകുപ്പിൽ നിന്നും ഉദ്യോഗാർത്ഥികൾക്ക് നൽകുന്ന സർട്ടിഫിക്കറ്റുകൾ ഉത്തരവിന് വിരുദ്ധ-മായിട്ടുള്ളതിനാൽ സർക്കാർ നിർദ്ദേശിച്ച മാതൃകയിൽ തന്നെ തൊഴിൽ പരിചയ സർട്ടിഫിക്കറ്റ് നൽകണമെന്ന് നിർദ്ദേശിച്ചു കൊണ്ടു ടി സാക്ഷ്യപത്രത്തിന്റെ പകർപ്പ് നൽകിയിരുന്നു. വ്യാജമല്ലാത്ത എല്ലാവിധ സർട്ടിഫിക്കറ്റുകളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ഉദ്യോഗാർത്ഥികൾക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ് എന്നതിനാൽ മ്യൂസിയം മൃഗശാല വകുപ്പിൽ അനിമൽ കീപ്പർ തസ്തികയിലെ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന ഉദ്യോഗാർത്ഥികൾ ലഭ്യമാക്കിയ വിടുതൽ സർട്ടിഫിക്കറ്റുകൾ താഴെ പറയുന്ന എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തു നൽകിയിട്ടുണ്ട്. 1. ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, തിരുവനന്തപുരം 2. ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, കാട്ടാക്കട 3. ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, നെയ്യാറ്റിൻകര 4. ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, തൃശ്ശൂർ 5. ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, കൊടുങ്ങല്ലൂർ 6. ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, തലപ്പിള്ളി 7. ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, ആലത്തൂർ |
| (ബി) | ഇത്തരത്തിൽ തിരുവനന്തപുരം ജില്ലയിലെ | (ബി) | തിരുവനന്തപുരം ജില്ലയിൽ 14 പേർ അനിമൽ കീപ്പർ |

| | | | |
|---|---|---|---|
| | എത്രപേർ എംപ്ലോയ്മെന്റ് ഓഫീസുകളിൽ ഇത്തരം സർട്ടിഫിക്കറ്റുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ; ഇത്തരത്തിൽ സർട്ടിഫിക്കറ്റുകൾ രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികളുടെയും തെറ്റായി രജിസ്റ്റർ ചെയ്ത ഉദ്യോഗസ്ഥരുടെയും പേരുവിവരവും തസ്തികയും വെളിപ്പെടുത്താമോ; | | തസ്തികയിൽ ജോലി ചെയ്ത വിടുതൽ സർട്ടിഫിക്കറ്റുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ വിടുതൽ സർട്ടിഫിക്കറ്റുകൾ ചേർത്ത് നൽകിയത് സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. നെയ്യാറ്റിൻകര എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ (തിരുവനന്തപുരം) മുൻപാകെ ഫയൽ ചെയ്തിരുന്ന OA 2227/2018 നമ്പർ കേസിലെ 24/01/2019 തീയതിയിലെ ഉത്തരവിൻ പ്രകാരം ശ്രീ.ശരത്.ജെ.എസ് (Reg.No.10/3662)എന്ന ഉദ്യോഗാർത്ഥി ഹാജരാക്കിയ കീപ്പർ തസ്തികയിലെ സർട്ടിഫിക്കറ്റ് 05/03/2019 തീയതിയിൽ ചേർത്ത് നൽകിയിട്ടുണ്ട്. അതുപോലെ തന്നെ ശ്രീ.മധുസൂദനൻ നായർ (Reg.No.2018/327) എന്ന ഉദ്യോഗാർത്ഥി ഹാജരാക്കിയ സർട്ടിഫിക്കറ്റ് എംപ്ലോയ്മെന്റ് ഡയറക്ടറുടെ 06/01/2020 ലെ DE/4800/2019 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ എംപ്ലോയ്ഡ് പേഴ്സൺ(തൊഴിലിൽ തുടരുന്ന വ്യക്തി) എന്ന പേരിൽ 09/01/2020 തീയതിയിൽ ചേർത്ത് നൽകിയിട്ടുണ്ട്. |
| (സി) | നിയമവിരുദ്ധമായി ഇത്തരം സർട്ടിഫിക്കറ്റുകൾ ചേർത്തു നൽകിയ ഉദ്യോഗാർത്ഥികൾക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏത് തരത്തിലുള്ള അച്ചടക്ക നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | തെറ്റായി സർട്ടിഫിക്കറ്റ് ചേർത്ത 5 ഉദ്യോഗാർത്ഥികളുടെ സർട്ടിഫിക്കറ്റ് റദ്ദ് ചെയ്തു. അവശേഷിക്കുന്ന രജിസ്ട്രേഷനുകളിൽ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | നിയമവിരുദ്ധമായ സർട്ടിഫിക്കറ്റുകൾ ചേർക്കുക മൂലം അനർഹരായവർക്ക് തൊഴിൽ ലഭിക്കുന്ന സാഹചര്യം ഇല്ലാതാക്കുവാൻ നടപടികൾ സ്വീകരിക്കുമോ? | (ഡി) | KS&SSR റൂൾ 10 (ab) യിൽ ഫാക്ടറി തൊഴിലാളികളുടെ കാര്യത്തിലൊഴികെ ദിവസവേതന വ്യവസ്ഥയിൽ ജോലി ചെയ്തത് തൊഴിൽ പരിചയമായി കണക്കാക്കേണ്ടതില്ലായെന്ന് ഉത്തര-വായിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഹാജരാക്കുന്ന തൊഴിൽ പരിചയ സർട്ടിഫിക്കറ്റുകൾ ചേർത്ത് നൽകുന്നത് സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ സബ് ഓഫീസുകൾക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ